## പതിനാലാം കേരളനിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8 | 03.02.2020-ൽ മറുപടിക്ക് |
|---|---|

**ഭരണഘടനാ സാക്ഷരത**

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനശില തന്നെ തകർക്കുന്നുവെന്ന് ആക്ഷേപമുള്ള പൗരത്വ ഭേദഗതി നിയമത്തിന്റെ പുന:പരിശോധനയ്ക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പൗരത്വ ഭേദഗതി നിയമം 2019 പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 31.12.2019 ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ട്.<br>പൗരത്വ ഭേദഗതിനിയമം (2019)- ന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് കേരള സർക്കാർ സുപ്രീംകോടതിയിൽ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | ഭരണഘടനാ സാക്ഷരത പൊതുജനങ്ങളിൽ വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | ഭരണഘടനയുടെ പ്രാധാന്യം എല്ലാവരിലും എത്തിക്കുന്നതിനായി എല്ലാ വർഷവും നവംബർ 26 ഭരണഘടനാ ദിനം സമുചിതമായി ആചരിച്ചു വരുന്നു. |
| (സി) | പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും ഭരണഘടനാ സാക്ഷരത ഉറപ്പുവരുത്തുന്നതിന് കൂടുതൽ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ